# യുവദീപ്തി എസ്.എം.വൈ.എം
## ചങ്ങനാശ്ശേരി അതിരൂപത
ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനം
ESTD 1972

യുവദീപ്തി എസ്.എം.വൈ.എം.
സെൻട്രൽ ഓഫീസ് ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശ്ശേരി
കേരളം - 686 101
Phone : 9995082072
Email : yuvadeeptismymchry@gmail.com
website:www.yuvadeepti.org


# ഇലക്ഷൻ വിജ്ഞാപനം

പ്രിയ ബഹുമാനപ്പെട്ട അച്ചാ / സിസ്റ്റർ / സുഹൃത്തേ,

**യുവദീപ്തി എസ്. എം. വൈ. എം. ന്റെ 40-ാമത് സെനറ്റ് വർഷം അതിന്റെ പരിസമാപ്തിയോട് അടുത്തിരിക്കുകയാണ്. ഈ വർഷത്തെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.**

**41-ാമത് സെനറ്റ് വർഷത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ** യൂണിറ്റ്, ഫൊറോന, അതിരൂപത തല ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ട അവസരം ആയിരിക്കുന്നു. **ഒരു വർഷക്കാലം പൂർണ്ണ മനസ്സോടെയും ത്യാഗമനോഭാവത്തോടെയും ശുശ്രൂഷ ചെയ്യുവാൻ സന്മനസ്സുള്ളവരും പ്രത്യേകിച്ച് ഈ ഒരു വർഷക്കാലം സമുദായ ശക്തീകരണം ആചരിക്കുമ്പോൾ ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചവരും സഭയുടെ അടിസ്ഥാനതത്വങ്ങളിൽ വിശ്വസിച്ച് കുദാശാജീവിതം നയിക്കുന്നവരും കക്ഷിരാഷ്ട്രീയ ചിന്താഗതികൾക്കതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരും ഓരോ സ്ഥാനത്തിനും നിയമാവലി നിഷ്കർഷിച്ചിരിക്കുന്ന** യോഗ്യതയുള്ളവരുമായ വ്യക്തികളെ വേണം നേതൃനിരയിലേക്ക് തെരഞ്ഞെടുക്കുവാൻ. നിയമാവലിയിലെ (1999) 35-ാം വകുപ്പിൽ നൽകിയിരിക്കുന്ന നിയമങ്ങൾ കൃത്യമായി പാലിച്ചിരിക്കണം.

ഫൊറോന തിരഞ്ഞെടുപ്പിൽ,സിൻഡിക്കേറ്റ് അംഗങ്ങളായി തെരഞ്ഞെടുക്കുന്നവർക്ക് ഒരു വർഷമെങ്കിലും സെനറ്റ് പരിചയമുണ്ടായിരിക്കുന്നത് അഭികാമ്യമാണ്. അംഗത്വം, പ്രായം, പ്രവർത്തനപരിചയം, മുതലായവയ്ക്കും വൈ.റ്റി.പി കോഴ്സിൽ പങ്കെടുത്ത് ഡിപ്ലോമ നേടിയവർക്കും മുൻഗണന നൽകുന്നത് ഉചിതമാണ്. നിലവിലുള്ള അതിരൂപത ഭാരവാഹികൾ ഏതെങ്കിലും സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ രാജിക്കത്ത് അതിരൂപത ഡയറക്ടർ അച്ചന് നൽകേണ്ടതാണ്. ആയതിനാൽ അവരുടെ സെനറ്റ് അംഗത്വം നഷ്ടപ്പെടുന്നതാണ്. ഇലക്ഷൻ നടത്തിപ്പിന്റെ ചുമതല പൂർണമായും ഡയറക്ടർ അച്ചനായിരിക്കും.

# യുവദീപ്തി എസ്.എം.വൈ.എം
## ചങ്ങനാശ്ശേരി അതിരൂപത

ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനം
ESTD 1972

യുവദീപ്തി എസ്.എം.വൈ.എം.
സെൻട്രൽ ഓഫീസ് ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശ്ശേരി
കേരളം - 686 101
Phone : 9995082072
Email : yuvadeeptismymchry@gmail.com
website:www.yuvadeepti.org

**എല്ലാ യൂണിറ്റുകളിലും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കൗൺസിലർമാർ എന്നിവർക്കായി 2025 ഡിസംബർ 30 (മുഹമ്മ, ചങ്ങനാശ്ശേരി, മണിമല, കുറുമ്പനാടം, ചെങ്ങന്നൂർ) 2026 ജനുവരി 03 (കുടമാളൂർ, തുരുത്തി, കോട്ടയം, എടത്വാ, പുളിങ്കുന്ന്) 2026 ജനുവരി 04 (അതിരമ്പുഴ, തൃക്കൊടിത്താനം, ചമ്പക്കുളം, ആലപ്പുഴ, നെടുംകുന്നം) എന്നീ തീയതികളിലായി നേതൃത്വപരിശീലന ഏകദിന സെമിനാറുകൾ ചങ്ങനാശ്ശേരി മീഡിയ വില്ലേജിൽ വച്ചു നടത്തപ്പെടുന്നതാണ്. 2025 ഡിസംബർ 28ന് തിരുവനന്തപുരം, അമ്പൂരി ഫൊറോനാകളിലും, 2026 ജനുവരി 02 ന് കൊല്ലം ആയൂർ ഫൊറോനയിലും നേതൃത്വപരിശീലന സെമിനാറും ഇലക്ഷനും നടക്കുന്നതായിരിക്കും.**

തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റ് ഭാരവാഹികളുടെ പേരും അഡ്രസ്സും അതിരൂപത ഓഫീസിൽ നിന്ന് ലഭിക്കുന്ന ഫോറത്തിൽ പൂരിപ്പിച്ചു നേതൃത്വപരിശീലന സെമിനാറിനു മുൻപായി ഓഫീസിൽ നൽകേണ്ടതാണ്. നേതൃത്വപരിശീലന സെമിനാറുകളിൽ ആദ്യന്തം പങ്കെടുക്കാത്തവർക്ക് ഫൊറോന, അതിരൂപത ഇലക്ഷനുകളിൽ മത്സരിക്കുവാനോ വോട്ട് ചെയ്യുവാനോ അവകാശമുണ്ടായിരിക്കില്ല. യാതൊരു ഒഴിവും ഇക്കാര്യത്തിൽ അനുവദിക്കുന്നതല്ല. തെരഞ്ഞെടുപ്പ് ഒഴികെയുള്ള പ്രവർത്തനങ്ങളിൽ അവർക്ക് പങ്കെടുക്കാവുന്നതാണ്. നേതൃത്വപരിശീലന സെമിനാറിൽ പങ്കെടുക്കുവാൻ വരുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹിയാണ് എന്നതിന് യൂണിറ്റ് ഡയറക്ടർ അച്ചന്റെ സാക്ഷ്യപത്രം ഹാജരാക്കണം. എല്ലാ യൂണിറ്റുകളിൽ നിന്നും (ഒറ്റ യൂണിറ്റായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇടങ്ങളിൽ ഉൾപ്പടെ) എ, ബി വിഭാഗങ്ങളിൽ നിന്നായി രണ്ട് കൗൺസിലർമാരെ തെരഞ്ഞെടുക്കേണ്ടതാണ്. എ, ബി യൂണിറ്റുകൾ പ്രത്യേകം അഫിലിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ എല്ലാ സ്ഥാനങ്ങളിലും ഭാരവാഹികളെ എ, ബി വിഭാഗങ്ങളിൽ നിന്നും പ്രത്യേകമായി തെരഞ്ഞെടുക്കേണ്ടതാണ്. അഫിലിയേഷൻ ഉള്ള യൂണിറ്റുകൾ മാത്രം ഫൊറോന ഇലക്ഷന് വന്നാൽ മതിയാകും. വോട്ടവകാശമുള്ള യൂത്ത് അസംബ്ലി മെമ്പേഴ്സിന് (കൗൺസിലർ, പ്രസിഡന്റ്, സെക്രട്ടറി) മാത്രമേ ഫൊറോന ഇലക്ഷൻ നടക്കുന്ന സ്ഥലത്ത് പ്രവേശിക്കുവാൻ അനുവാദമുള്ളൂ. ഇലക്ഷനോടനുബന്ധിച്ച് മറ്റു പരിപാടികളോ ചർച്ചകളോ അനുവദിക്കുന്നതല്ല.

യുവദീപ്തി എസ്.എം.വൈ.എം.
സെൻട്രൽ ഓഫീസ് ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശ്ശേരി
കേരളം - 686 101
Phone : 9995082072
Email : yuvadeeptismymchry@gmail.com
website:www.yuvadeepti.org

## യൂണിറ്റ് ഇലക്ഷൻ

1. അഫിലിയേഷൻ ഉള്ളവരെയും പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു പരിചയവും താല്പര്യമുള്ളവരെയും ഭാരവാഹികളായി തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

2. രാഷ്ട്രീയ പാർട്ടികളുടെയോ, അതിന്റെ പോഷക സംഘടനകളുടെയോ, കോളേജ് രാഷ്ട്രീയ യൂണിയനിലോ ഭാരവാഹിത്വം വഹിക്കുന്നവരെയോ, ഇലക്ഷനിൽ പങ്കെടുക്കുവാൻ വേണ്ടി സ്ഥാനം രാജിവെച്ചു വരുന്നവരെയോ ഭാരവാഹിത്വത്തിലേക്ക് തെരഞ്ഞെടുക്കരുത്. രാഷ്ട്രീയ പാർട്ടിയിലെ ഭാരവാഹിത്വത്തെപ്പറ്റി എന്തെങ്കിലും സംശയം നിലനിൽക്കുന്നുവെന്ന് ഡയറക്ടർക്ക് ബോധ്യമായാൽ അദ്ദേഹത്തെ തെരഞ്ഞെടുപ്പിൽ നിന്ന് മാറ്റിനിർത്തേണ്ടതാണ്.

3. 15 വയസ്സ് തികഞ്ഞ +1,+2 വിദ്യാർത്ഥികൾ പ്രസ്ഥാനത്തിന്റെ സജീവ അംഗങ്ങളാണെങ്കിലും യൂണിറ്റ് ഭാരവാഹിത്വത്തിലേയ്ക്ക് അവരെ പരിഗണിക്കാതിരിക്കുന്നതാണ് ഉചിതം.

4. കൗൺസിലർ പദവി പ്രാധാന്യമേറിയതായതിനാൽ മികച്ച നേതൃത്വ ഗുണമുള്ളവരും വിശ്വാസജീവിതം നയിക്കുന്നവരെയും യൂണിറ്റിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും ഭാരവാഹികളായവരെയും തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കുമല്ലോ. 20 വയസ്സ് എങ്കിലും പ്രായമുള്ളവരേ കൗൺസിലറായി തെരഞ്ഞെടുക്കുന്നതാണ് അഭികാമ്യം.

5. തെരഞ്ഞെടുത്ത എല്ലാവരുടെയും ലിസ്റ്റ് ലീഡേഴ്സ് സെമിനാറിനു മുൻപ് അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

6. കാലാവധി തീരുന്നതിന് മുൻപ് ഭാരവാഹിത്വം രാജിവെച്ചവർക്ക് വരുന്ന ഇലക്ഷനിൽ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

# യുവദീപ്തി എസ്.എം.വൈ.എം
## ചങ്ങനാശ്ശേരി അതിരൂപത
ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനം
ESTD 1972

യുവദീപ്തി എസ്.എം.വൈ.എം.
സെൻട്രൽ ഓഫീസ് ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശ്ശേരി
കേരളം - 686 101
Phone : 9995082072
Email : yuvadeeptismymchry@gmail.com
website:www.yuvadeepti.org


## ഫൊറോന ഇലക്ഷൻ

1. അഫിലിയേഷൻ ഉള്ളവർക്കും നേതൃത്വപരിശീലന സെമിനാറിൽ പങ്കെടുത്തവർക്കും മാത്രമേ ഇലക്ഷന് നിൽക്കുവാൻ അനുവാദമുള്ളൂ.

2. മൂന്നു വർഷത്തിൽ കൂടുതൽ സിൻഡിക്കേറ്റ് മെമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടു ള്ളവരെ മാറ്റി പുതിയ സിൻഡിക്കേറ്റ് മെമ്പറെ തെരഞ്ഞെടുക്കേണ്ടതാണ്.

3. ഇലക്ഷന് ശേഷം ഫൊറോനയിലെ തെരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, അഡ്രസ്സ്, ഫോട്ടോ എന്നിവ 2026 ജനുവരി 15ന് മുൻപ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

4. കഴിഞ്ഞ സെനറ്റ് കാലയളവിൽ മൂന്ന് അതിരൂപത പ്രവർത്തനങ്ങൾക്ക് വരാത്ത സെനറ്റ് അംഗങ്ങൾക്ക് ഈ വർഷത്തെ അതിരൂപത ഇലക്ഷനിലും സെനറ്റ് അംഗത്വത്തിലും അർഹതയുണ്ടായിരിക്കുന്നതല്ല്.

# നേതൃത്വപരിശീലന സെമിനാറുകൾ
## മീഡിയ വില്ലേജ്

**2025 ഡിസംബർ 30** (മുഹമ്മ, ചങ്ങനാശ്ശേരി, മണിമല, കുറുമ്പനാടം,ചെങ്ങന്നൂർ)

**2026 ജനുവരി 03** (കുടമാളൂർ, തുരുത്തി, കോട്ടയം, എടത്വാ, പുളിങ്കുന്ന്)

**2026 ജനുവരി 04** (അതിരമ്പുഴ, തൃക്കൊടിത്താനം, ചമ്പക്കുളം, ആലപ്പുഴ, നെടുംകുന്നം)

NB: നേതൃത്വപരിശീലന സെമിനാർ രജിസ്ട്രേഷൻ ഫീസ് 150/-രൂപ ആയിരിക്കും.
സെമിനാറിൽ പങ്കെടുക്കുന്നവർ നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരണം.

**യുവദീപ്തി എസ്.എം.വൈ.എം**
**ചങ്ങനാശ്ശേരി അതിരൂപത**
ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനം
ESTD 1972

**യുവദീപ്തി എസ്.എം.വൈ.എം.**
സെൻട്രൽ ഓഫീസ് ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശ്ശേരി
കേരളം - 686 101
Phone : 9995082072
Email : yuvadeeptismymchry@gmail.com
website:www.yuvadeepti.org


# യൂണിറ്റ്, ഫൊറോന, അതിരൂപത തെരഞ്ഞെടുപ്പുകൾ

## യൂണിറ്റ് തെരഞ്ഞെടുപ്പുകൾ

2025 ഡിസംബർ 08 മുതൽ 28 വരെ

## ഫൊറോന തെരഞ്ഞെടുപ്പുകൾ

2025 ഡിസംബർ 28 : തിരുവനന്തപുരം, അമ്പൂരി
2026 ജനുവരി 02 : കൊല്ലം ആയൂർ
2026 ജനുവരി 04 : മുഹമ്മ, ചങ്ങനാശ്ശേരി, മണിമല, കുറുമ്പനാടം,ചെങ്ങന്നൂർ
10 : കുടമാളൂർ, തുരുത്തി, കോട്ടയം, എടത്വാ, പുളിങ്കുന്ന്
11 : അതിരമ്പുഴ, തൃക്കൊടിത്താനം, ചമ്പക്കുളം, ആലപ്പുഴ, നെടുംകുന്നം

## അതിരൂപത തെരഞ്ഞെടുപ്പ്

2026 ജനുവരി 17, 18 (ശനി, ഞായർ)

NB: ഇലക്ഷൻ ക്യാമ്പ് 2025 ജനുവരി 17ന് രാവിലെ 9:30ന് ആരംഭിക്കും
10:30 ന് ശേഷം ക്യാമ്പിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല

YUVADEEPTI SMYM ARCHDIOCESE OF CHANGANASSERY ESTD-1972

2025 ഡിസംബർ 10

ഈശോയിൽ സ്നേഹപൂർവ്വം,

ഫാ. സാവിയോ മാനാട്ട്
അതിരൂപത ഡയറക്ടർ
ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ